# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

**കരട്രേഖ**

**എറണാകുളം ജില്ലാ ഭരണകൂടം ചുമതലപ്പെടുത്തിയത്**

## തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ

**24.08.2020**

**അർത്ഥനാധികാരി**

പൊതുമരാമത്ത് വകുപ്പ്
(നിരത്തുകളും പാലങ്ങളും)

എറണാകുളം

**സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ്**


രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്
രാജഗിരി. പി.ഒ.,
കളമശ്ശേരി 683104
ഫോൺ:0484 – 2911330–332/2550785
rossrajagiri@gmail.com
www.rajagirioutreach.in

# ഉള്ളടക്കം

**അദ്ധ്യായം 1: പഠനത്തിന്റെ സംക്ഷിപ്ത രൂപം**

1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

1.2 സ്ഥലം

1.3 ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും

1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6 ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1.പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത

2.8 ആവശ്യമായ തൊഴിൽ ശക്തി

2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ

2.10 ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം**

3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2 പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതികരീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനുവേണ്ടവിവരശേഖരണം നടത്തിയ രീതിയും

3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം

4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം

4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം

4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്**

5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

**അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപനപ്രദേശവും)**

6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

6.3 ദുർബ്ബലജനവിഭാഗം

6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8 ഭരണ സംഘടനകൾ

6.9 രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

**അദ്ധ്യായം 7 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി**

7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5 സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആ ഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

**അദ്ധ്യായം 8 : സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം**

8.1 പ്രത്യാഘാത ലഘൂകരണ നടപടികൾക്ക് വേണ്ടിയുള്ള സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2 ഗവർണ്മെൻേറതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

**അദ്ധ്യായം 9: സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റുസാമ്പത്തിക നടപടികളും**

9.1 പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2 വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും

9.3 സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യപ്രത്യഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1 മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2 റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3 സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

**അദ്ധ്യായം 11: നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം,ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനു തകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**സൂചനകളും അനുബന്ധങ്ങളും**

## പട്ടികകൾ

| | |
|---|---|
| 1.3.1. | ഏറ്റെടുക്കപ്പെടുന്നഭൂമിയുടെ വിവരങ്ങൾ |
| 1.5.1. | പദ്ധതിയുടെ പൊതുവായസാമൂഹ്യപ്രത്യാഘാതങ്ങൾ |
| 3.1.1. | പഠനസംഘം |
| 3.5.1 | മീറ്റിങ്ങുകളുടെ സമയക്രമം |
| 4.8.1 | ഏറ്റെടുക്കപ്പെടുന്നസ്ഥലത്തിൻെറകൈവശാവകാശവിവരങ്ങൾ |
| 5.1.1 | ആഘാതബാധിത ഭൂവുടമകളുടെ പേര്, വിലാസം, ഉണ്ടാകുവാനിടയുള്ള നഷ്ടം |
| 5.6.2.1 | പദ്ധതിംബാധിതമാകുന്നവൃക്ഷങ്ങൾ |
| 7.6.1. | സാമൂഹ്യപ്രത്യാഘാതലഘൂകരണപദ്ധതി |

## ചിത്രങ്ങൾ

| | |
|---|---|
| 6.1.2 | പദ്ധതിബാധിത കുടുംബങ്ങളിലെ ജനസംഖ്യ |
| 6.1.3 | പദ്ധതിബാധിത കുടുംബാംഗങ്ങളുടെ പ്രായം |
| 6.1.4 | പദ്ധതിബാധിത കുടുംബങ്ങളുടെ മതം |
| 6.1.5. | ആഘാതബാധിത കുടുംബങ്ങളുടെ സാമൂഹ്യവിഭാഗം |
| 6.2.1. | പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനവും ചെലവും |
| 6.2.2. | പദ്ധതിബാധിത കുടുംബങ്ങളിലെവുമാനദാതാക്കളും ആശ്രിതരും |

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1 പദ്ധതിയും ജനകീയ ലക്ഷ്യങ്ങളും

ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് ദ്വീപുകളുടെ ഒറ്റപ്പെടൽ ലഘൂകരിക്കേണ്ടത് ഗ്രാമങ്ങളുടെ വികസനം നടന്നു കൊണ്ടിരിക്കുന്ന ഇന്നിൻെറ ഒരു ആവശ്യകതയാണ്. റോഡുകളുടേയും പാലങ്ങളുടെയും നിർമ്മാണം ഗ്രാമങ്ങളെ തൊട്ടടുത്തുള്ള നഗരങ്ങളുമായും മറ്റു പ്രദേശങ്ങളുമായും ബന്ധിപ്പിക്കും. കൂടാതെ ജനങ്ങളുടെ യാത്രയും സഞ്ചാരവും വേഗത്തിലാക്കുവാൻ കഴിയുന്നതുമൂലം ഗ്രാമങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസനം സാധ്യമാകും. രണ്ട് അറ്റങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും റോഡ് ശൃംഖലയിലേക്ക് തുടർച്ചയായ പ്രാപ്യത നൽകുന്നതുമായ കണ്ണികളാണ് പാലങ്ങൾ. നദികൾ, തടാകങ്ങൾ, തുടങ്ങിയ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ റോഡിൻെറ തുടർച്ചയ്ക്ക് തടസ്സമാകുമ്പോൾ പാലങ്ങളുടെ നിർമ്മാണം ഒഴിവാക്കാനാവാത്ത ആവശ്യമായി വരുന്നു.

എറണാകുളം ജില്ലയിലെ കോട്ടുവള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട ഈസ്റ്റ് വള്ളുവള്ളി, സൗത്ത് തത്തപ്പിള്ളി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിൻെറ നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. പാലത്തിൻെറ നിർമ്മാണം ഏകദേശം പൂർത്തിയായിരിക്കുന്നതിനാൽ അനുബന്ധറോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നിലവിലെ സ്ഥലം ഏറ്റെടുക്കൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. തത്തപ്പിള്ളിയിലും വള്ളുവള്ളിയിലുമുള്ള ജനങ്ങൾ നിലവിൽ കടത്തുവഞ്ചിയിലാണ് ഇരുകരകളിലേക്കും യാത്ര ചെയ്യുന്നത്. നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ തത്തപ്പിള്ളി പ്രദേശത്തെ ജനങ്ങൾക്ക് കോട്ടുവള്ളി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഏകദേശം 1 കി.മീറ്റർ മാത്രം സഞ്ചരിച്ച് എളുപ്പത്തിൽ എത്തിച്ചേരുവാനാകും. കൂടാതെ നിർമ്മാണം പൂർത്തിയായാൽ നിർദ്ദിഷ്ട റോഡിലൂടെ ദേശീയപാത 66 ലേക്ക് പ്രവേശനം സാധ്യമാകുമെന്നതിനാൽ യാത്രാ ദൈർഘ്യം 2.80 കി.മീറ്റർ കുറയ്ക്കുകയും എറണാകുളം, നോർത്ത് പറവൂർ എന്നീ പട്ടണങ്ങളിലേയ്ക്ക് യാത്ര എളുപ്പമാക്കുകയും ചെയ്യും. പ്രദേശത്തെ ജനങ്ങൾ തൊഴിലിനും വിദ്യാഭ്യാസത്തിനും മറ്റുമായി ടി പട്ടണങ്ങളെയാണ് ആശ്രയി

ക്കുന്നത് എന്നതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം പ്രയോജന പ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

കോട്ടുവള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട ഈസ്റ്റ് വള്ളുവള്ളി, സൗത്ത് തത്തപ്പിള്ളി എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ തമ്മിൽ സൗഹൃദവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിനും രണ്ട് പ്രദേശങ്ങളുടെയും ബഹുമുഖമായ വളർച്ചക്കും പദ്ധതി കാരണമാകുമെന്നും പ്രതീക്ഷി ക്കുന്നു. പ്രസ്തുത പദ്ധതി,ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 2(1) bയിൽ അനുശാസിച്ചിരിക്കുന്ന പൊതു താത്പര്യങ്ങളുടെ കീഴിൽ വരുന്നു.

03.07.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1654 ൽ പ്രസിദ്ധപ്പെടു ത്തിയ സർക്കാർ ഉത്തരവ് എറണാകുളം ജില്ലാ ഭരണകൂടത്തിന്റെ 29.06.2020 തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/5948/2017-C1 പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ നിന്നും 13.36 ആർ സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് തത്തപ്പിള്ളി- വള്ളു വള്ളി പാലം പദ്ധതിയ്ക്ക് വേണ്ടി ആവശ്യമുണ്ടായേക്കാം എന്ന് കാണിച്ച് സ്ഥല വിവര ങ്ങൾ പ്രസിദ്ധപ്പെടുത്തി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യ തയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം വകുപ്പ് 4 അനുശാസിക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കളമശ്ശേരിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതലപ്പെടുത്തുന്നതായും നിർദ്ദിഷ്ട വിജ്ഞാപനം വെളിപ്പെടുത്തുന്നു.

എറണാകുളം ജില്ലയിൽ കോട്ടുവള്ളി പഞ്ചായത്തിൽ തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിനും അനുബന്ധ റോഡിനും വേണ്ടി ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ ആഘാത പ്രദേശങ്ങളായ ഈസ്റ്റ് വള്ളുവള്ളി, സൗത്ത് തത്തപ്പിള്ളി എന്നീ പ്രദേശങ്ങളിൽ നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട്രേഖയാണ് ഇത്.

### 1.2 സ്ഥലം

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് തത്തപ്പിള്ളി–വള്ളുവള്ളി പാലം നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കവാൻ ഉദ്ദേശിക്കുന്നത്. നിർമ്മാണത്തിലിരിക്കുന്ന നിർദ്ദിഷ്ട പാലത്തിൻെറ ഇരുവശങ്ങളിലുമുള്ള സൗത്ത് തത്തപ്പിള്ളി, ഈസ്റ്റ് കോട്ടുവള്ളി എന്നീ പ്രദേശങ്ങൾ കോട്ടുവള്ളി പഞ്ചായത്തിലെ യഥാക്രമം 8, 9 വാർഡുകളാണ്.

### 1.3 ഭൂമി ഏറ്റെടുക്കുന്നതിൻെറ വിസ്താരവും ഗുണങ്ങളും

29.06.2020 തീയതിയിലെ എറണാകുളം ജില്ലാകളക്ടറുടെ വിജ്ഞാപനം DCEKM/5948/2017-C1 അനുസരിച്ച് പദ്ധതിക്ക് ആവശ്യമായി വന്നേക്കാവുന്നത് ആകെ 13.36 ആർ സ്ഥലമാണ്. 03.07.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1654 ൽ പ്രസിദ്ധപ്പെടുത്തിയ നിർദ്ദിഷ്ട സ്ഥലത്തിൻെറ വിവരങ്ങൾ പട്ടിക 1.3.1.ൽ കാണിച്ചിരിക്കുന്നു

**പട്ടിക 1.3.1 ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ വിവരങ്ങൾ**

**താലൂക്ക് : പറവൂർ**
**വില്ലേജ് : കോട്ടുവള്ളി**

| ക്രമനമ്പർ | സർവെ നമ്പർ | വിവരണം | ഏകദേശ വിസ്തീർണ്ണം | |
|---|---|---|---|---|
| | | | ആർ | ച.മീ |
| 1 | 44/1 pt | പുരയിടം | 05 | 71 |
| 2 | 44/2A pt | നിലം | | |
| 3 | 394/13A pt | പുരയിടം | 00 | 51 |
| 4 | 394/13B pt | നിലം | | |
| 5 | 394/13 C pt | പുരയിടം | | |
| 6 | 403/5 pt | പുരയിടം | 03 | 57 |
| 7 | 404/1 pt | പുരയിടം | 03 | 57 |
| | ആകെ | | 13 | 36 |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

നിർമ്മാണം ഏതാണ്ട് പൂർത്തിയായിരിക്കുന്ന തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിന് അനുബന്ധറോഡ് നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. കായലിൻെറ ഇരുവശങ്ങളിലും അതായത് തത്തപ്പിള്ളിയിലും വള്ളുവള്ളിയിലും നിലവിലുള്ള റോഡിലേക്കാണ് നിർദ്ദിഷ്ട പാലം ബന്ധിപ്പിക്കേണ്ടത് എന്നതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുക അപ്രസക്തമാണ്.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

പദ്ധതിയുടെ നിലവിലെ രൂപരേഖ പ്രകാരം 11 വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വസ്തുവകകളാണ് പദ്ധതിബാധിതമാകുന്നത്. കുടുംബങ്ങൾക്ക് കൈവശഭൂമിയിൽ കുറവ് ഉണ്ടാകും എന്നതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതമായി മനസിലാക്കുന്നത്. കൂടാതെ വസ്തുവിനോട് ചേർന്നുള്ള വൃക്ഷങ്ങൾ ഉൾപ്പടെയുള്ള ചമയങ്ങളുടെ നഷ്ടവും മറ്റൊരു പ്രത്യാഘാതമാണ്. പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഉപജീവന മാർഗങ്ങളെയൊന്നും പ്രതികൂലമായി ബാധിക്കുന്നില്ല എങ്കിലും പദ്ധതി നിലവിൽ വരുമ്പോൾ പ്രദേശത്ത് ഏകദേശം 40 വർഷക്കാലമായി കടത്ത് തൊഴിലാളിയായി സേവനം അനുഷ്ഠിക്കുന്ന വിധവയായ ഒരു വയോധികയുടെ ഉപജീവനമാർഗം നഷ്ടമാകും എന്ന് മനസിലാക്കുന്നു.

**പട്ടിക 1.5.1 പദ്ധതിയുടെ പൊതുവായ സാമൂഹ്യ പ്രത്യാഘാതങ്ങൾ**

| ക്രമ നമ്പർ | പ്രത്യാഘാതം | വിശദീകരണം |
|---|---|---|
| 1 | കുടുംബങ്ങളെ കുടിയൊഴിപ്പിക്കൽ | ഇല്ല |
| 2 | ഭൂമി നഷ്ടമാകൽ | 11ഭൂവുടമകളുടെ |
| 3 | അടിസ്ഥാന സൗകര്യങ്ങളിലുള്ള ആഘാതം | ഇല്ല |
| 4 | ഉപജീവന മാർഗ്ഗം നഷ്ടമാകൽ | പ്രദേശത്തെ കടത്ത് തൊഴിലാളിയുടെ ഉപജീവനമാർഗം നഷ്ടമാകും |
| 5 | ചമയങ്ങളുടെ നഷ്ടം | ഷീറ്റിട്ട മേൽക്കൂര (1) ചുറ്റുമതിൽ (2) |
| 6 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിപ്രദേശത്തുള്ള ഏകദേശം 50 വൃക്ഷങ്ങൾ |

**കുറിപ്പ്**: മുകളിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ വിവരദാതാക്കളിൽനിന്നും ലഭിച്ചതാണ്. രേഖാപരമായി തെളിവുകൾ അധികാരികൾ പരിശോധിക്കേണ്ടതാണ്.

## 1.6 ലഘൂകരണ നടപടികൾ

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണത്തിനുവേണ്ടി കോട്ടുവള്ളി വില്ലേജിൽ നിന്നും സ്ഥലം ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള സ്ഥല നഷ്ടം, ചമയങ്ങളുടെ നഷ്ടം, ഉപജീവന മാർഗ്ഗം നഷ്ടമാകൽ എന്നീ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരം പദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS) No.485/2015/RD പ്രകാരവും, 9/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം ആഘാതബാധിതമാകുന്ന ചമയങ്ങൾ തിട്ടപ്പെടുത്തി പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക
- മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ, ഉപജീവനമാർഗം നഷ്ടമാകുന്ന കടത്തു തൊഴിലാളിയെ പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിൽ ഉൾപ്പെടുത്തുക
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരവും വാഹനഗതാഗതവും തടസപ്പെടാത്തവിധത്തിൽ പദ്ധതി നിർമ്മാണം ആസൂത്രണം ചെയ്യുക
- പദ്ധതി നിർമ്മാണവേളയിൽ മാലിന്യങ്ങളുടെ ശരിയായ വിധത്തിലുള്ള നിർമ്മാർജനം ഉറപ്പ് വരുത്തുക.

# അദ്ധ്യായം 2

# പദ്ധതിയുടെ വിശദവിവരങ്ങൾ

## 2.1.പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ നോർത്ത് പറവൂർ നിയോജക മണ്ഡലത്തിലെ തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിൻെറ നിർമ്മാണം 2013-14 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതിയാണ്. 10.06.2014 തീയതിയിലെ സർക്കാർ ഉത്തരവ് GO(Rt)762/2014/PWD,Tvm പ്രകാരം ടി പദ്ധതിയ്ക്ക് 1200 ലക്ഷം (12 കോടി) രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായിട്ടുണ്ട്. 23.05.2015 തീയതിയിലെ GO(Rt)697/2015/PWD,Tvm പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് ചീഫ് എഞ്ചിനീയറുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. കേരള സംസ്ഥാന സർക്കാരിൻെറ കീഴിൽ പ്രവർത്തിക്കുന്ന കേരള പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും), എറണാകുളം ഡിവിഷനാണ് പദ്ധതി നിർവ്വാഹകർ. പൊതുമരാമത്ത് വകുപ്പ് ടെണ്ടറുകളുടെ അടിസ്ഥാനത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പ്രവർത്തനങ്ങൾ 24.05.2016 തീയതിയിലെ കരാർ നമ്പർ:23/SECCA/2016-17 പ്രകാരം കെ.ടി.മാത്യു കമ്പനി, കൊച്ചുമറ്റം എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്. ടി കമ്പനി പാലത്തിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ചു കഴിഞ്ഞു.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതുതാൽപര്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

കോട്ടുവള്ളി പഞ്ചായത്തിൽ ഉൾപ്പെടുന്ന തത്തപ്പിള്ളി- വള്ളുവള്ളി പ്രദേശങ്ങൾക്കിടയിലുള്ള യാത്രയ്ക്ക് നിലവിൽ ഉപയോഗിക്കുന്ന കടത്തുവള്ളം തീർത്തും സുരക്ഷിതമല്ലാത്ത ഒരു മാർഗമാണ്. തത്തപ്പിള്ളിയിലെ ജനങ്ങൾ പഞ്ചായത്ത് കാര്യാലയത്തിലേക്കും വില്ലേജ് കാര്യാലയത്തിലേക്കും പോകുന്നത് കടത്ത് വഞ്ചിയിലാണ്. നിർദ്ദിഷ്ട പാലം നിലവിൽ വന്നാൽ ജനങ്ങൾക്ക് സുരക്ഷിതമായും എളുപ്പത്തിലും യാത്ര സാധ്യമാകും. കൂടാതെ

പാലം നിലവിൽ വന്നാൽ വള്ളുവള്ളിയിൽ നിന്നും ദേശീയ പാത 66 ലേയ്ക്കും എളുപ്പത്തിൽ എത്തിച്ചേരാനാകും എന്നതിനാൽ അടുത്ത പട്ടണങ്ങളായ നോർത്ത് പറവൂരി ലേയ്ക്കും എറണാകുളത്തേയ്ക്കുമുള്ള യാത്രയും സുഗമമാകും. പ്രദേശത്തെ ധാരാളം ആളുകൾ ഉപജീവനം വിദ്യാഭാസം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കായി ഈ പട്ടണങ്ങളെയാണ് ആശ്രയിക്കുന്നത്.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാ സത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 വകുപ്പ് 2(1)ബി അനുശാ സിക്കുന്ന പ്രകാരം പ്രസ്തുത പദ്ധതി പൊതു താൽപര്യത്തിൻ കീഴിൽ വരുന്നു. തത്തപ്പി ള്ളി-വള്ളുവള്ളി പാലം നിർമ്മാണം ഒരു പൊതു ആവശ്യമായി കണ്ടുകൊണ്ട് എറണാ കുളം ജില്ലാ കളക്ടറുടെ ഫോറം നമ്പർ 4 വിജ്ഞാപനം 2020 ജൂലൈ 3 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1654 ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### 2.3 പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിൻെറ അനുബന്ധറോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നിലവിലെ ഭൂമിഏറ്റെടുക്കൽ. നിലവിലെ രൂപരേഖ പ്രകാരം വള്ളുവള്ളി ഭാഗത്തുനിന്നും 25.203 സെൻറ് സ്ഥലവും തത്തപ്പിള്ളി ഭാഗത്തുനിന്നും 17.931 സെൻറ് സ്ഥലവും അതായത് ആകെ 43.134 സെൻറ് സ്ഥലമാണ് നിർദ്ദിഷ്ട പാലത്തിൻെറ അനുബന്ധറോഡ് നിർമ്മാണത്തിന് ആവശ്യമായി വരുന്നത്.

### 2.4 ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

നിർമ്മാണം ഏതാണ്ട് പൂർത്തിയായിരിക്കുന്ന തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിന് അനു ബന്ധറോഡ് നിർമ്മിക്കുന്നതിനുവേണ്ടിയാണ് ഭൂമി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. കായലിൻെറ ഇരുവശങ്ങളിലും അതായത് തത്തപ്പിള്ളിയിലും വള്ളുവള്ളിയിലും നിലവി ലുള്ള റോഡിലേക്കാണ് നിർദ്ദിഷ്ട പാലം ബന്ധിപ്പിക്കേണ്ടത് എന്നതിനാൽ ഇതര മാർഗ്ഗങ്ങൾ പരിഗണിക്കുക അപ്രസക്തമാണ്.

## 2.5 പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിയുടെ ആദ്യഘട്ടമായി പാലത്തിൻെറ നിർമ്മിതി പൂർത്തിയായിട്ടുണ്ട്. ഇരുകരകളിലും അനുബന്ധറോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ.

## 2.6 പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിലവിൽ ഏതാണ്ട് നിർമ്മാണം പൂർത്തിയായിരിക്കുന്ന പാലത്തിൻെറ നീളം 19.32 മീറ്റർ നീളം വീതമുള്ള 3 സ്പാനുകൾ ഉൾപ്പടെ 58.04 മീറ്ററാണ്. ബോർഡ് കാസ്റ്റ് ഇൻസിറ്റു തൂണുകളാണ് അടിത്തറയിൽ നൽകിയിരിക്കുന്നത്. ഉപരിതലത്തിന് RCC ഗിർഡറും RCC സ്ലാബുമാണ് രൂപരേഖ പ്രകാരം നിർദ്ദേശിച്ചിരിക്കുന്നത്. ഇരുവശങ്ങളിലും 1.5 മീറ്റർ വീതിയിൽ നടപാതയും 7.5 മീറ്റർ വീതിയിൽ ക്യാര്യേജ്വേയും ഉൾപ്പടെ പാലത്തിൻെറ ആകെ വീതി 11.50 മീറ്ററാണ്. നിർദ്ദിഷ്ട അനുബന്ധറോഡിന് 12 മീറ്റർ വീതിയും വള്ളുവള്ളി ഭാഗത്ത് 150 മീറ്റർ നീളവും തത്തപ്പിള്ളി ഭാഗത്ത് 126 മീറ്റർ നീളവുമാണുള്ളത്. പദ്ധതിയുടെ പ്രതീക്ഷിത ചെലവ് 12 കോടി രൂപയാണ്.

**പദ്ധതിയുടെ നിർമ്മിതിഘടകങ്ങൾ**

- RCC കാസ്റ്റ് ഇൻസിറ്റു പൈൽ
- പൈൽ ക്യാപ്
- പെഡസ്റ്റൽ വാൾ, പെഡസ്റ്റൽ
- RCCഗിർഡേഴ്സ്
- ഡെക്ക് സ്ലാബ്
- വിയറിങ്ങ് കോട്ട്
- ഇരുവശങ്ങളിലും ഡക്റ്റോടുകൂടി 1.5 മീറ്റർ വീതിയിൽ നടപാത
- ഇരുവശങ്ങളിലും ഹാൻഡ് റെയിൽ സ്
- പാലത്തിൻെറ ആകെ വീതി 11.5 മീറ്റർ
- ക്യാരേജ് വേയുടെ വീതി 7.5 മീറ്റർ

**2.7 അനുബന്ധ സൗകര്യങ്ങളുടെ ആവശ്യകത**

ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പദ്ധതിക്ക് അനുബന്ധ സൗകര്യങ്ങൾ ആവശ്യമായി വരുന്നില്ല.

**2.8 ആവശ്യമായ തൊഴിൽ ശക്തി**

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പ്രവർത്തനങ്ങൾ 24.05.2016 തീയതിയിലെ കരാർ നമ്പർ:23/SECCA/2016-17 പ്രകാരം കെ.ടി.മാത്യു കമ്പനി, കൊച്ചുമറ്റം കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്. ടി കമ്പനി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതാണ്ട് പൂർത്തീകരിച്ച് കഴിഞ്ഞു. ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ചാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്. ദിനംപ്രതി ഏകദേശം 16000 തൊഴിൽ ശക്തിയാണ് പദ്ധതിക്ക് ആവശ്യമായി വരുന്നത് എന്ന് അർത്ഥനാധികാരി പ്രസ്താവിച്ചു

**2.9 മുൻപേ നടത്തിയ പഠനങ്ങളുടെ വിവരങ്ങൾ**

ലഭ്യമായ വിവരങ്ങൾ വച്ച് ഈ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങളെക്കുറിച്ചോ പരിസ്ഥിതി പ്രത്യാഘാതങ്ങളെക്കുറിച്ചോ പഠനങ്ങൾ മുൻപേ നടത്തിയിട്ടുള്ളതായി കാണുന്നില്ല. ഇതിന്റെ സാങ്കേതിക പ്രായോഗിക പഠനം നടത്തിയിട്ടുള്ളതായ വിവരങ്ങളും ലഭ്യമല്ല.

**2.10 ബാധകമായ നിയമങ്ങളും നയങ്ങളും**

തത്തപ്പിള്ളി-വള്ളുവള്ളി പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനു വേണ്ടി എറണാകുളം ജില്ലയിൽ പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ നഷ്ടപരിഹാരം, പുനരധിവാസം, പുനസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങൾ ചുവടെ ചേർക്കുന്നു.

- ❖ ഭൂമിഏറ്റെടുക്കലിൽ ന്യായമായനഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
- ❖ കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനുംസുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരള സർക്കാർ-റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിന്റെ നയം
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനുംപുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ന്റെ വെളിച്ചത്തിൽ കേരളസർക്കാർ റവന്യൂ (ബി) വകുപ്പിന്റെ 29/12/2017 തീയതി യിലെ G.O(MS No.448/2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിന്റെ നയം
- വിവരവകാശ നിയമം 2005.

# അദ്ധ്യായം 3

# പഠന സംഘം, പഠന സമീപനം, പദ്ധതിശാസ്ത്രം

03.07.2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1654 ൽ പ്രസിദ്ധ പ്പെടുത്തിയ എറണാകുളം ജില്ലാ ഭരണകൂടത്തിൻെറ 29.06.2020 തീയതിയിലെ വിജ്ഞാപനം നമ്പർ DCEKM/5948/2017-C1 പറവൂർ താലൂക്കിലെ കോട്ടുവള്ളി വില്ലേജിൽ നിന്നും 13.36 ആർ സ്ഥലം ഒരു പൊതു ആവശ്യത്തിന് അതായത് തത്തപ്പിള്ളി-വള്ളുവള്ളി പാലം പദ്ധതിയ്ക്ക് വേണ്ടി ആവശ്യമുണ്ടായേക്കാം എന്ന് കാണിച്ച് സ്ഥലവിവരങ്ങൾ പ്രസിദ്ധ പ്പെടുത്തി. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം വകുപ്പ് 4 അനുശാസി ക്കുന്ന പ്രകാരം പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്ന തിന് കളമശ്ശേരിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിനെ ചുമതല പ്പെടുത്തുന്നതായും നിർദ്ദിഷ്ട വിജ്ഞാപനം വെളിപ്പെടുത്തുന്നു.

അതിനെ തുടർന്ന് പ്രസ്തുത പഠനം നടത്തുന്നതിന് ഇത്തരം പഠനങ്ങൾ നടത്തിയ പരിചയ സമ്പന്നരായ വ്യക്തികളെ ഉൾപ്പെടുത്തി, ഓരോരുത്തർക്കും പ്രത്യേക ചുമത ലകൾ നൽകി ഒരു പഠന സംഘത്തെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റ് രൂപീകരിച്ചു.

### 3.1 പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലും സാമൂഹ്യ- സാമ്പത്തിക സർവ്വേ യിലും അനുഭവസമ്പത്തുള്ള 7 അംഗ സംഘമാണ് തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമിഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയത്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിൻെറ പ്രിൻസിപ്പാൾ ആണ് ചെയർപേഴ്സൺ എന്നനിലയിൽ പഠന സംഘത്തിന് നേതൃത്വം നൽകുന്നത്.

പഠന സംഘത്തിന്റെ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

പട്ടിക 3.1.1 പഠന സംഘം

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തനപരിചയം |
|---|---|---|---|
| 1 | ഡോ:ബിനോയ് ജോസഫ് | പി.എച്ച്.ഡി.. എം.എ(എച്ച്.ആർ.എം), എൽ.എൽ.ബി. ചെയർപേഴ്സൺ | അദ്ധ്യാപന ഗവേഷണ മേഖലയിൽ 26 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ഫാ. സാജു എം. ഡി | എംഫിൽ, പി.എച്ച്.ഡി.. കൺസൾട്ടന്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 13 വർഷത്തെ പ്രവർത്തന പരിചയം |
| 3 | ഫാ. ഷിന്റോ ജോസഫ് | എം.എസ്.ഡബ്ല്യു, കൺസൾട്ടന്റ്, | അദ്ധ്യാപന ഗവേഷണ മേഖലയിൽ 5 വർഷത്തെ പ്രവർത്തന പരിചയം |
| 4 | മീന കുരുവിള | എം.എസ്.ഡബ്ല്യൂ കൺസൾട്ടന്റ് | വികസന മേഖലയിൽ 33 വർഷത്തെ പ്രവർത്തന പരിചയം |
| 5 | മരിയ ടെൻസി വി.എസ് | എം.എ,ഡി.എസ്.എസ്. റിസേർച്ച് അസ്സോസിയേറ്റ് | വികസന മേഖലയിൽ 29 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ബിജു സി.പി. | ബി.എ, ഡവലപ്മെന്റ് ഓഫീസർ | വികസനമേഖലയിൽ 28 വർഷത്തെ പ്രവർത്തന പരിചയം |
| 7 | രഞ്ജിത് കെ യു | ബി.എ,ഡി. ഡി. എസ് റിസേർച്ച് അസ്സോസിയേറ്റ് | വികസനമേഖലയിൽ 27 വർഷത്തെ പ്രവർത്തന പരിചയം |

**3.2.പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, സാങ്കേതിക രീതി എന്നിവയെക്കുറിച്ചുള്ള വിവരണവും, അത് ഉപയോഗിച്ചതിൻെറ യുക്തിയും, പഠനത്തിനു വേണ്ട വിവരശേഖരണം നടത്തിയ രീതിയും**

പദ്ധതി ബാധിത ഭൂമിയുടേയും കെട്ടിടങ്ങളുടേയും, കുടുംബങ്ങളുടേയും, വ്യക്തികളുടേയും കൃത്യമായ എണ്ണം തിട്ടപ്പെടുത്തുകയും പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുകയും കൂടാതെ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം പദ്ധതിപ്രദേശത്ത് പ്രാഥമിക സന്ദർശനത്തിലൂടെ നിരീക്ഷണം നടത്തിയതിൻെറ അടിസ്ഥാനത്തിൽ പദ്ധതിബാധിത കുടുംബങ്ങളീൽ നിന്നും വിവരശേഖരണം നടത്തുന്നതിന് ഒരു ചോദ്യാവലി തയ്യാറാക്കി. കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതി, ജനസംഖ്യാപരമായ വിവരങ്ങൾ, പദ്ധതി ബാധിതമാകുന്ന വസ്തുവിനെക്കുറിച്ചുള്ള വിവരങ്ങൾ, ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും നിർദ്ദിഷ്ട പദ്ധതിയെക്കുറിച്ചുമുള്ള കുടുംബങ്ങളുടെ അഭിപ്രായങ്ങൾ എന്നിവയെക്കുറിച്ചുള്ള ചോദ്യങ്ങൾ ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നു. പിന്നീട് പദ്ധതി ബാധിത കുടുംബങ്ങൾ സന്ദർശിച്ച് തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെയാണ് പ്രാഥമികവിവരങ്ങൾ ശേഖരിച്ചത്. നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം 11 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെന്നാണ് പദ്ധതി പ്രദേശം സന്ദർശിച്ചതിലൂടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘത്തിന് മനസിലാക്കുവാൻ കഴിഞ്ഞത്. പദ്ധതിബാധിത കുടുംബങ്ങളിൽ നിന്നും വിവരശേഖരണം നടത്തിയതിനു പുറമേ പദ്ധതിബാധിത പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധികളുമായി അഭിമുഖങ്ങൾ നടത്തി പദ്ധതിമൂലം പ്രദേശത്ത് ഉണ്ടാകുവാനിടയുള്ള ആഘാതങ്ങളെക്കുറിച്ച് കൂടുതലായി മനസ്സിലാക്കി

പഠനത്തിനാവശ്യമായ ദ്വിതീയ വിവരങ്ങൾ ശേഖരിച്ചത് അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നുമാണ്.

പഠനത്തിൽ ശേഖരിച്ച വിവരങ്ങളും നിഗമനങ്ങളും ശാസ്ത്രീയമായി വിശകലനം ചെയ്ത തിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ത്തിൻെറ കരട് രേഖയിൽ സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയും ഉൾപ്പെടു ത്തിയിട്ടുണ്ട്..

**ചുരുക്കത്തിൽ, പഠനത്തിൻെറ ഘട്ടങ്ങൾ താഴെ പറയുന്നവയാണ്.**

- പി ഡബ്ല്യൂ ഡി റോഡ്സ് & ബ്രിഡ്ജസ് വകുപ്പിൽ നിന്നും സ്പെഷ്യൽ തഹസിൽ ദാർ (എൽ.എ) കാക്കനാട് നിന്നും ലഭിച്ച പ്രധാന രേഖകളുടെ പഠനം
- പദ്ധതി പ്രദേശം സന്ദർശിക്കൽ
- സാമൂഹ്യ-സാമ്പത്തിക സർവ്വേയും ആഘാത വസ്തുവകകളുടെ തിട്ടപ്പെടുത്തലും
- സാമൂഹ്യ-സാമ്പത്തിക സർവ്വേയിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനം
- കരട് രേഖ തയ്യാറാക്കൽ

### 3.3 പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിയ്ക്ക് വേണ്ടി കൈമാറേണ്ട സ്ഥലത്തിൻെറയും തന്മൂലമുണ്ടായേക്കാവുന്ന പ്രത്യാ ഘാതത്തിൻെറയും അളവ് ഓരോ വ്യക്തികൾക്കും വ്യത്യസ്തമാകയാൽ മാതൃകാ പരിശോ ധനാ രീതിയേക്കാൾ പദ്ധതിബാധിതരാകുന്ന മുഴുവൻ കുടുംബങ്ങളെയും ഉൾപ്പെടുത്തി ക്കൊണ്ടുള്ള സാമൂഹ്യ-സാമ്പത്തിക സർവ്വെയാണ് പഠനത്തിന് അഭികാമ്യമാകുന്നത്. കൂടാതെ, വിവരദാതാക്കളുടെ എണ്ണം 11 ഭൂവുടമകൾ മാത്രമായതിനാൽ നിശ്ചിത സമയത്തിനകം വിവര ശേഖരണം നടത്തുവാൻ കഴിഞ്ഞു.

### 3.4 വിവരസ്രോതസ്സുകളുടെയും വിവരങ്ങളുടെയും വിശകലനം

ആഘാത ബാധിതരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക പ്രത്യാഘാത സർവ്വെയിലൂടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു തനതായ ചോദ്യാവലി തയ്യാറാക്കുകയും പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ജനസംഖ്യാപരം, സാമ്പത്തികം, കുടുംബം,

ഉപജീവനമാർഗ്ഗം, പദ്ധതി ബാധിതമാകുന്ന വസ്തുവകകളുടെ വിവരം, ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ എന്നീ വിവരങ്ങൾ ലഭ്യമാകുന്ന ചോദ്യങ്ങൾ ആണ് ചോദ്യാവലിയിൽ ഉൾപ്പെടുത്തിയിരുന്നത്.

പഠന സംഘാംഗങ്ങൾ ഗുണപരവും പാരിമാണികവുമായ പ്രാഥമിക വിവരങ്ങളും ദ്വിതീയ വിവരങ്ങളും ശാസ്ത്രീയമായി ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു. പദ്ധതി ബാധിത കുടുംബങ്ങളിൽ നിന്ന് ചോദ്യാവലി ഉപയോഗിച്ചാണ് പ്രാഥമിക വിവരങ്ങൾ ശേഖരിച്ചത്. PWD/റവന്യൂ/പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് ഫീൽഡ് ഇൻവെസ്റ്റി ഗേറ്റേഴ്സ് പല ഘട്ടങ്ങളിൽ ആയി ദ്വിതീയ വിവരങ്ങളും ശേഖരിച്ചു. ലഭിച്ച പ്രതികര ണങ്ങളും ശേഖരിച്ച വിവരങ്ങളും വിശകലനം ചെയ്തതിന്റെ വെളിച്ചത്തിൽ ലഭിച്ച കണ്ടെ ത്തലുകൾ നിർദ്ദേശങ്ങളോടൊപ്പം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 3.5 തൽപ്പരകക്ഷികളുമായുള്ള കൂടിക്കാഴ്ച്ചയും പബ്ലിക് ഹിയറിങ്ങിനെക്കുറിച്ചുള്ള വിവരണവും

പഠനത്തിന്റെ ഭാഗമായി നടത്തിയ അഭിമുഖങ്ങളുടെയും സന്ദർശനങ്ങളുടെയും വിവര ശേഖരണത്തിന്റെയും വിവരങ്ങൾ പട്ടിക 3.5.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.5.1 പ്രവർത്തനങ്ങളുടെ സമയക്രമം**

| പ്രവർത്തനങ്ങൾ | തീയതി |
|---|---|
| പദ്ധതി പ്രദേശത്ത് പ്രാഥമിക സന്ദർശനം | 2020 ജൂൺ, 11 |
| തത്തപ്പിള്ളിയിലെ പദ്ധതി ബാധിത കുടുംബങ്ങളിൽ സർവ്വേ | 2020 ജൂൺ, 19 |
| വള്ളുവള്ളിയിലെ പദ്ധതി ബാധിത കുടുംബങ്ങളിൽ സർവ്വേ | 2020 ജൂൺ, 22 |
| കോട്ടുവള്ളി പഞ്ചായത്തിലെ 8,9 വാർഡ് മെമ്പർമാരുമായി അഭിമുഖം | 2020 ജൂൺ, 28 |
| പബ്ലിക് ഹിയറിംഗിനുള്ള നോട്ടീസ് വിതരണം | 2020 ആഗസ്റ്റ്, 12, 14, 16 |
| പബ്ലിക് ഹിയറിംഗ് | 2020 ആഗസ്റ്റ്, 27 |

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1 ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതിപ്രദേശത്തിൻെറ വിവരണം

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിയുടെ ഭാഗമായ അനുബന്ധറോഡ് നിർമ്മാണത്തിനുവേണ്ടിയാണ് നിലവിലെ ഭൂമി ഏറ്റെടുക്കൽ. എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ് തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണത്തിനുവേണ്ടി ഏറ്റെടുക്കവാൻ ഉദ്ദേശിക്കുന്നത്. നിർമ്മാണത്തിലിരിക്കുന്ന നിർദ്ദിഷ്ട പാലത്തിൻെറ ഇരുവശങ്ങളിലുമുള്ള സൗത്ത് തത്തപ്പിള്ളി, ഈസ്റ്റ് കോട്ടുവള്ളി എന്നീ പ്രദേശങ്ങൾ കോട്ടുവള്ളി പഞ്ചായത്തിലെ യഥാക്രമം 8, 9 വാർഡുകളാണ്.

### 4.2 പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിൽ പ്രത്യാഘാത ബാധിതമാകുന്ന പ്രദേശം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമല്ല)

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ തത്തപ്പിള്ളി-വള്ളുവള്ളി പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള പാലത്തിൻെറ നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി ലക്ഷ്യമിടുന്നത്. ഒരേ പഞ്ചായത്തിൻെറ ഭാഗങ്ങളായ ടി പ്രദേശങ്ങൾക്കിടയിലെ യാത്രക്ക് കടത്ത് വഞ്ചിയെയാണ് പ്രദേശവാസികൾ നിലവിൽ ആശ്രയിക്കുന്നത്. കോട്ടുവള്ളി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നീ ഭരണകാര്യാലയങ്ങൾ വള്ളുവള്ളിയിലാണ് സ്ഥിതിചെയ്യുന്നത്. പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിന് തത്തപ്പിള്ളി പ്രദേശവാസികൾ കടത്ത് വഞ്ചിയെയാണ് ആശ്രയിക്കുന്നത്

നിർദ്ദിഷ്ട പദ്ധതിനിലവിൽ വരുമ്പോൾ തത്തപ്പിള്ളി പ്രദേശത്തെ ജനങ്ങൾക്ക് കോട്ടുവള്ളി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഏകദേശം 1 കി.മീറ്റർ മാത്രം സഞ്ചരിച്ച് എളുപ്പത്തിൽ എത്തിച്ചേരുവാനാകും. കൂടാതെ നിർമ്മാണം പൂർത്തിയായാൽ നിർദ്ദിഷ്ട റോഡിലൂടെ ദേശീയപാത 66 ലേക്ക് നേരിട്ട് പ്രവേശനം സാധ്യമാകുമെന്നതിനാൽ യാത്രാ ദൈർഘ്യം 2.80 കി.മീറ്റർ കുറയ്ക്കുകയും എറണാകുളം, നോർത്ത്

പറവൂർ എന്നീ പട്ടണങ്ങളിലേയ്ക്ക് യാത്ര എളുപ്പമാക്കുകയും ചെയ്യും പ്രദേശത്തെ ജനങ്ങൾ തൊഴിലിനും വിദ്യാഭ്യാസത്തിനും മറ്റുമായ് ടി പട്ടണങ്ങളെയാണ് ആശ്രയി ക്കുന്നത് എന്നതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

കോട്ടുവള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട ഈസ്റ്റ് വള്ളുവള്ളി, സൗത്ത് തത്തപ്പിള്ളി എന്നീ പ്രദേശങ്ങളിലെ ജനങ്ങൾ തമ്മിൽ സൗഹൃദവും സമ്പർക്കവും വർദ്ധിപ്പിക്കുന്നതിനും രണ്ട് പ്രദേശങ്ങളുടെയും ബഹുമുഖമായ വളർച്ചക്കും പദ്ധതി കാരണമാകുമെന്നും പ്രതീക്ഷി ക്കുന്നു.

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിയ്ക്കു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശി ക്കുന്നത് 11 ഭൂവുടമകളുടെ സ്ഥലങ്ങളാണ്. ടി സ്ഥലങ്ങൾ പദ്ധതിബാധിതർ താമസ ത്തിനുവേണ്ടി ഉപയോഗിക്കുന്നുണ്ടെങ്കിലും വീടുകളോ കുടുംബങ്ങളുടെ അടിസ്ഥാനസൗ കര്യങ്ങളോ പദ്ധതിബാധിതമാകുന്നില്ല. കുടുംബങ്ങൾക്ക് കൈവശഭൂമിയിൽ കുറവ് ഉണ്ടാകും എന്നതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതമായി മനസിലാക്കുന്നത്. 2 കുടുംബങ്ങളുടെ ചുറ്റുമതിലും മറ്റൊരു കുടുംബത്തിന്റെ ഷീറ്റിട്ട ചാർത്തും നഷ്ടമാകു ന്നുണ്ട്. കൂടാതെ പദ്ധതിപ്രദേശത്തെ ഏകദേശം 50 വൃക്ഷങ്ങളും വെട്ടിമാറ്റേണ്ടതുണ്ട്. പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള മേൽപറഞ്ഞ പ്രത്യാഘാ തങ്ങൾ കൂടാതെ നിർദ്ദിഷ്ടപദ്ധതിക്ക് ഒരു പരോക്ഷ പ്രത്യാഘാതവും ഉള്ളതായ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനയൂണിറ്റ് മനസിലാക്കുന്നു. പദ്ധതിപ്രദേശത്ത് 40 വർഷമായി കടത്ത് വഞ്ചി നടത്തുന്ന വിധവയായ ഒരു വയോധികയുടെ ഉപജീവനമാർഗം പദ്ധതി നിലവിൽ വരുമ്പോൾ നഷ്ടമാകും.

**4.3 പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി**

നിലവിലെ രൂപരേഖപ്രകാരം ആകെ 43.134 സെൻറ്, അതായത് വള്ളുവള്ളിയിൽ നിന്നും തത്തപ്പിള്ളിയിൽ നിന്നും യഥാക്രമം 25.203 സെൻറ് സ്ഥലവും 17.931 സെൻറ് സ്ഥലവുമാണ് പദ്ധതിയ്ക്ക് ആവശ്യമായി വരുന്നത് എന്ന് അർത്ഥനാധികാരി അറിയിച്ചു.

**4.4 പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം**

ജനങ്ങൾപൊതു ആവശ്യത്തിന് ഉപയോഗിക്കുന്ന ഭൂമി പദ്ധതി പ്രദേശത്തില്ല.

**4.5 പദ്ധതിക്കായി വിലകൊടുത്തുവാങ്ങിയിരിക്കുന്നതോ പണയത്തിനെടുത്തിരിക്കുന്ന തോ ആയ ഭൂമി, ഏറ്റെടുക്കുന്ന ഭൂമിയുടെ ഓരോ ഭാഗത്തിൻെറയും നിർദ്ദിഷ്ട ഉപയോഗം**

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പദ്ധതിയ്ക്ക് വേണ്ടി ഭൂമിയൊന്നും വാങ്ങുകയോ, പാട്ടത്തിനെടുക്കുകയോ ചെയ്തിട്ടില്ല. ഏറ്റെടുക്കാൻ ഉദ്ദേശി ക്കുന്ന സ്ഥലം വള്ളുവള്ളി-തത്തപ്പിള്ളി പാലം അനുബന്ധറോഡ് നിർമ്മാണത്തിന് വേണ്ടി യായിരിക്കും ഉപയോഗിക്കുന്നത്.

**4.6 ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ഉൾപ്പെട്ട കോട്ടുവള്ളി വില്ലേജിലെ 7 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളാണ് പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശി ക്കുന്നത്. റവന്യൂ രേഖപ്രകാരം ഇതിൽ 5 എണ്ണം പുരയിടം വിഭാഗത്തിലും 2 എണ്ണം നിലം വിഭാഗത്തിലും പെടുന്നു. ടി സ്ഥലങ്ങൾ 11 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. എറണാകുളം ജില്ലാ കളക്ടറുടെ 29.06.2020 തീയതിയിലെ 4(1) വിജ്ഞാപനം പ്രകാരം പദ്ധതിക്ക് വേണ്ടി ഏകദേശം 13.36 ആർ സ്ഥലമാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. കായലിൻെറ സാന്നിധ്യം ഉള്ളതിനാൽ സ്വച്ഛ-മനോഹരമായ പ്രദേശങ്ങളാണ് ഏറ്റെടുക്ക പ്പെടുന്ന സ്ഥലങ്ങൾ.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയുണ്ടെ ങ്കിൽ ജലസേചനത്തെക്കുറിച്ചും വിളകളെക്കുറിച്ചുമുള്ള വിവരണം**

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന 7 സർവ്വേനമ്പറുകളിൽ റവന്യൂരേഖ അനുസരിച്ച് 5 എണ്ണം “പുരയിടവും” 2 എണ്ണം “നിലവും” ആണ്.ടി സ്ഥലങ്ങൾ 11 വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണ്. ഇതിൽ 4കുടുംബങ്ങൾ പ്രസ്തുതസ്ഥലം താമസ ത്തിന് ഉപയോഗിക്കുന്നു. 2 തെങ്ങിൻ തോപ്പുകൾ ഉൾപ്പടെ 4 ഉടമകളുടേത് തുറസായ

സ്ഥലങ്ങളാണ്. 1 ഉടമ പ്രസ്തുത സ്ഥലത്ത് വർക്ക്ഷോപ്പ് നടത്തുന്നു. 2 കുടുംബങ്ങൾ തങ്ങളുടെ വീടുകളിലേക്കുള്ള വഴിയായാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉപയോഗിക്കുന്നത്.

**4.8 കൈവശഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, അവിടെ താമസിക്കുന്നവരുടെ എണ്ണം**

പദ്ധതിബാധിതരിൽ 4 കുടുംബങ്ങളാണ് ഏറ്റെടുക്കലിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലം താമസത്തിന് ഉപയോഗിക്കുന്നത്. പദ്ധതിബാധിത കുടുംബങ്ങളിൽ 2 കുടുംബങ്ങൾക്ക് ടി സ്ഥലം പാരമ്പര്യമായി കൈവശമായതാണ്. ശേഷിച്ച 9 കുടുംബങ്ങൾ ടി സ്ഥലം വിവിധ കാലയളവിലായി വാങ്ങിയതാണ്. കുടുംബങ്ങൾക്ക് കൈവശമായിരിക്കുന്ന സ്ഥലത്തിൻെറ അളവും കൈവശമായ വർഷവും പട്ടിക 4.8.1 ൽ പ്രതിപാദിക്കുന്നു.

**പട്ടിക 4.8.1 : ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ കൈവശ അവകാശ വിവരങ്ങൾ**

| ക്രമ നമ്പർ | ഭൂവുടമ | കൈവശമായ തീയതി | സ്ഥലത്തിൻെറ അളവ് |
|---|---|---|---|
| 1 | നളിനി മാധവൻ | 18.09.1985 | 15 സെൻറ് |
| 2 | ബാലകൃഷ്ണൻ | 1950 നു മുൻപ് | 90 സെൻറ് |
| 3 | തോമസ് പി.വി. | 1987 | 5 സെൻറ് |
| 4 | ശാരദ | 13.02.1989 | 16 സെൻറ് |
| 5 | മുരളീധരൻ | വിവരം ലഭ്യമല്ല | 24 സെൻറ് |
| 6 | തോമസ് (Late) | 1950 നു മുൻപ് | 57 സെൻറ് |
| 7 | സുനിൽ | 13.02.1989 | 1.5 ഏക്കർ |
| 8 | വിവേകാനന്ദൻ | 18.12.2007 | 21 സെൻറ് |
| 9 | ബേബി ആൻറണി | 04.12.2006 | 7 സെൻറ് |
| 10 | ജോസഫ് കെ.വി. | 1975 | 48 സെൻറ് |
| 11 | മിനി ജൂഡ് | 19.06.2015 | 2.62 ആർ |

**4.9 കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും**

വിവരദാതാക്കൾ നൽകിയ വിവരമനുസരിച്ച് ഏറ്റെടുക്കപ്പെടുന്ന സ്ഥലങ്ങളിൽ കഴിഞ്ഞ 3 വർഷ കാലയളവിൽ യാതൊരുവിധ വ്യവഹാരങ്ങളും നടന്നിട്ടില്ല. 4 ഭൂവുടമകൾ സ്ഥലം താമസത്തിന് ഉപയോഗിക്കുന്നു. 2 തെങ്ങിൻ തോപ്പുകൾ ഉൾപ്പടെ 4 ഉടമകളുടേത് തുറസായ സ്ഥലമാണ്. 1 ഉടമ പ്രസ്തുത സ്ഥലത്ത് വർക്ക്ഷോപ്പ് നടത്തുന്നു. ശേഷിച്ച 2 ഉടമകൾ തങ്ങളുടെ വീടുകളിലേക്കുള്ള വഴിയായാണ് ഏറ്റെടുക്കപ്പെടുന്ന സ്ഥലം ഉപയോഗിക്കുന്നത്.

# അദ്ധ്യായം 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

### 5.1 പദ്ധതിയുടെ പ്രത്യാഘാതബാധിത കുടുംബങ്ങൾ

ഒരു പൊതു ആവശ്യത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങളുണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാതബാധിതരായും ഉപജീവനത്തിനായോ താമസത്തിനായോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതരായും കാണേണ്ടതാണ്. തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതു മൂലം പ്രത്യക്ഷ ആഘാതം മാത്രമേ ഉണ്ടാകുന്നുള്ളു എങ്കിലും നിർദ്ദിഷ്ട പദ്ധതി നടപ്പിൽ വരുമ്പോൾ പരോക്ഷ ആഘാതവും ഉണ്ടാകുന്നുണ്ട് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം മനസിലാക്കുന്നു. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന്റെ ഉടമകളായ 11 കുടുംബങ്ങളെ പ്രത്യക്ഷ ആഘാത ബാധിതരായും പദ്ധതി നിലവിൽ വരുമ്പോൾ ഉപജീവന മാർഗം നഷ്ടമാകുന്ന പ്രദേശത്ത് 40 വർഷക്കാലമായി കടത്ത് വഞ്ചി തുഴയുന്ന വിധവയായ വയോധികയെ പദ്ധതിയുടെ പരോക്ഷആഘാതബാധിതയായും കണക്കാക്കേണ്ടതാണ്.

#### 5.1.1 പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ(സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

03/07/2020 തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 1654-ൽപ്രസിദ്ധീകരിച്ച എറണാകുളം ജില്ലാ കളക്ടറുടെ 29/06/2020 തീയതിയിലെ വിജ്ഞാപനം DCEKM/5948/ 2017-C1 അനുസരിച്ച് തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ നിന്നും ഏകദേശം 13.36 ആർ സ്ഥലമാണ്

ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി സ്ഥലം 11 ഉടമകളുടെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത ഉടമകളുടെ പേര് വിവരങ്ങൾ പട്ടിക 5.1.1.ൽ നൽകിയിരിക്കുന്നു

**പട്ടിക 5.1.1. ആഘാതബാധിത ഭൂവുടമകളുടെ പേര്, വിലാസം, ഉണ്ടാകുവാനിടയുള്ള നഷ്ടം**

| ക്രമ നമ്പർ | കൈവശക്കാരന്റെ പേരും വിലാസവും | സർവ്വേ നമ്പർ | കുടുംബങ്ങൾക്കുണ്ടാകാനിടയുള്ള നഷ്ടം |
|---|---|---|---|
| 1 | നളിനി മാധവൻ<br>നാൽപതുപാറ ഹൗസ്<br>ജയന്തിറോഡ്<br>തത്തപ്പിള്ളി പി.ഒ<br>തത്തപ്പിള്ളി | 44/2A1 | സ്ഥലം, മാവ് (2), തെങ്ങ് (5), കവുങ്ങ് (8) എന്നിവ നഷ്ടമാകും. |
| 2 | ബാലകൃഷ്ണൻ,<br>അന്തലാട്ട് ഹൗസ്<br>തത്തപ്പിള്ളി പി.ഒ<br>തത്തപ്പിള്ളി | 44/2A | സ്ഥലം നഷ്ടമാകും. |
| 3 | തോമസ് പി.വി.,<br>പുതുശ്ശേരി ഹൗസ്<br>കൂനമ്മാവു.പി.ഒ<br>വള്ളുവള്ളി | 394/13A2 | സ്ഥലം, ഐനി മരം (1), പരുത്തി (1), തെങ്ങ് (1), മേൽക്കൂരയുടെ ഷീറ്റിട്ട ഭാഗം എന്നിവ നഷ്ടമാകും |
| 4 | ശാരദ,<br>കമ്പനി പറമ്പ്<br>നാൽപതുപാറ ഹൗസ്<br>തത്തപ്പിള്ളി പി.ഒ<br>കോട്ടുവള്ളി | 44/2A1 | സ്ഥലം, പ്ലാവ് (1), മഹാഗണി (2), ഇലഞ്ഞി (1), കവുങ്ങ് (1) എന്നിവ നഷ്ടമാകൽ |
| 5 | മുരളീധരൻ,<br>പാളിപറമ്പിൽ<br>ന്യൂ ജയന്തിറോഡ്<br>തത്തപ്പിള്ളി പി.ഒ | 44/2A/12 | സ്ഥലം, മാവ് (1), വാഴ (6), ആഞ്ഞിലി (1), തെങ്ങ് (2), തൈത്തെങ്ങ് (2), മഹാഗണി (1), ചുറ്റുമതിൽ, ഗേറ്റ് എന്നിവ നഷ്ടമാകൽ |
| 6 | തോമസ് (Late)<br>തെക്കിനേടത്ത്<br>ഹൗസ്<br>വള്ളുവള്ളി | | സ്ഥലം, തെങ്ങ് (3) എന്നിവ നഷ്ടമാകൽ |
| 7 | സുനിൽ,<br>തറയപറമ്പിൽ | 44/2A/20 | സ്ഥലം, തെങ്ങ് (3), മാവ് (1), പാഴ്മരം (1) എന്നിവ |

| | | | |
|---|---|---|---|
| | കൊച്ചാൽ കൂനമ്മാവു | | നഷ്ടമാകൽ |
| 8 | വിവേകാനന്ദൻ, വട്ടത്തറ ജയന്തിറോഡ് തത്തപ്പിള്ളി | 44/2A/-13 | സ്ഥലം, കവുങ്ങ് (7), ആഞ്ഞിലി (1), ശീമക്കൊന്ന (2) എന്നിവ നഷ്ടമാകൽ |
| 9 | ബേബി ആൻറണി, ചുള്ളിക്കാട് തത്തപ്പിള്ളി പി.ഒ കോട്ടുവള്ളി | 44/2A/1 | സ്ഥലം നഷ്ടമാകൽ |
| 10 | ജോസഫ്.കെ.വി. കാച്ചപ്പിള്ളി ഹൗസ് മലാട് വെസ്റ്റ് വെസ്റ്റ് മുമ്പൈ | | സ്ഥലം, തെങ്ങ് (2) എന്നിവ നഷ്ടമാകൽ |
| 11 | മിനി ജൂഡ് കൊച്ചിക്കാട് W 91408 (480 old) കൂനമ്മാവ്.പി.ഒ കോട്ടുവള്ളി | | സ്ഥലം, ചുറ്റുമതിൽ എന്നിവ നഷ്ടമാകൽ |

**5.2 വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ**

പട്ടിക വിഭാഗത്തിൽ ഉൾപ്പെടുന്നതോ പ്രത്യേക വനവകാശനിയമത്തിൽ കീഴിൽ വരുന്ന തോ ആയ കുടുംബങ്ങൾ പദ്ധതിബാധിതരാകുന്നില്ല.

**5.3 പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ**

ഉപജീവനവുമായി ബന്ധപ്പെട്ട പൊതു വിഭവങ്ങളൊന്നും ആഘാത ബാധിതമാകുന്നില്ല

**5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ**

ഇത്തരത്തിലുള്ള കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

**5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ**

ഇത്തരത്തിലുള്ള കുടുംബങ്ങൾ പദ്ധതി പ്രദേശത്ത് താമസിക്കുന്നില്ല.

**5.6 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ**

പദ്ധതിബാധിതരിൽ 1 കുടുംബം ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് വർക്ക്ഷോപ്പ് നടത്തുന്നുണ്ടെങ്കിലും ഭൂമി ഏറ്റെടുക്കൽ മൂലം വർക്ക്ഷോപ്പിൻെറ പ്രവർത്തനങ്ങൾ തടസപ്പെടുന്നില്ല. ആയതിനാൽ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമൂലം ആരുടെയും ഉപജീവനമാർഗം നഷ്ടമാകുന്നില്ല. എന്നിരുന്നാലും നിർദ്ദിഷ്ട പദ്ധതി, പ്രദേശത്ത് നിലവിലുള്ള കടത്ത് വഞ്ചിക്ക് ഒരു പകരം സംവിധാനമാണ് എന്നതിനാൽ പദ്ധതി നിലവിൽ വരുമ്പോൾ 40 വർഷക്കാലമായി പ്രദേശത്ത് കടത്ത് വഞ്ചി തുഴയുന്ന വിധവയായ ശ്രീമതി. ദേവു ശിവൻെറ ഉപജീവനമാർഗം നഷ്ടമാകും.

**5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)**

ഏറ്റെടുക്കുന്ന ഭൂമിയുമായി ബന്ധപ്പെട്ട് പദ്ധതിക്ക് പരോക്ഷ ആഘാതബാധിതരില്ലെങ്കിലും പദ്ധതി നിലവിൽ വരുമ്പോൾ ഉപജീവനമാർഗം നഷ്ടമാകുന്ന പ്രദേശത്ത് കടത്ത് വഞ്ചി തുഴയുന്ന വ്യക്തിയെ പദ്ധതിയുടെ പരോക്ഷ ആഘാതബാധിതയായി കണക്കാക്കേണ്ടതാണ്.

**5.6.2 ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക**

പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന ഭൂരിഭാഗം സ്ഥലവും ഒഴിഞ്ഞ സ്ഥലമാണ്. എന്നതിനാൽ കെട്ടിടങ്ങൾ ഒന്നും തന്നെ പദ്ധതിബാധിതമാകുന്നില്ല. എന്നിരുന്നാലും പദ്ധതിപ്രദേശത്തുള്ള ഫലദായക വൃക്ഷങ്ങളുൾപ്പടെ ഏകദേശം 51 വൃക്ഷങ്ങൾ വെട്ടിമാറ്റേണ്ടി വരും. പ്രസ്തുത വൃക്ഷങ്ങളുടെ വിവരങ്ങൾ പട്ടിക 5.6.2.1. ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.6.2.1പദ്ധതിബാധിതമാകുന്ന വൃക്ഷങ്ങൾ**

| ക്രമനമ്പർ | വൃക്ഷങ്ങൾ | എണ്ണം |
|---|---|---|
| 1 | തെങ്ങ് | 18 |
| 2 | മാവ് | 3 |
| 3 | പ്ലാവ് | 1 |
| 4 | ആഞ്ഞിലി | 2 |

| | | |
|---|---|---|
| 5 | പരത്തി | 1 |
| 6 | മഹാഗണി | 3 |
| 7 | ഇലഞ്ഞി | 1 |
| 8 | കവുങ്ങ് | 12 |
| 9 | വാഴ | 6 |
| 10 | മറ്റ് മരങ്ങൾ | 4 |
| | **ആകെ** | **51** |

# അദ്ധ്യായം 6

# സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പശ്ചാത്തലം (പദ്ധതിപ്രദേശവും പുനസ്ഥാപന പ്രദേശവും)

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതിബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യ പശ്ചാത്തലം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ് പദ്ധതി ബാധിത പ്രദേശത്ത് നടത്തിയ സർവ്വെയിൽ പദ്ധതിബാധിതമാകുന്ന 11 ഭൂവുടമകളെയാണ് കണ്ടെത്തിയത്. പ്രസ്തുത കുടുംബങ്ങൾ സന്ദർശിച്ച് മുൻപേ തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് നടത്തിയ സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ കുടുംബങ്ങളുടെ സാമൂഹിക-സാമ്പത്തിക പശ്ചാത്തലം പഠിച്ചു. ആഘാത ബാധിതമാകുന്ന 11കുടുംബങ്ങളുടെ വിവരങ്ങളാണ് ഈ അദ്ധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

### 6.1 പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പദ്ധതിബാധിതരിൽ 3 കുടുംബങ്ങൾ മാത്രമാണ് താമസിക്കുന്നത്. പദ്ധതിബാധിതമാകുന്ന 11 ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് വിവരിക്കുന്നു.

**ചിത്രം 6.1.2 : പദ്ധതിബാധിതകുടുംബങ്ങളിലെ ജനസംഖ്യ**




പദ്ധതിബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യയായ 49 പേരിൽ 24 അംഗങ്ങൾ പുരുഷന്മാരും 25 അംഗങ്ങൾ സ്ത്രീകളുമാണ്.

**ചിത്രം 6.1.3 പദ്ധതി ബാധിത കുടുംബാംഗങ്ങളുടെ പ്രായം**



പദ്ധതിബാധിത കുടുംബാംഗങ്ങളിൽ 0–18 പ്രായ വിഭാഗത്തിലുള്ള 8 അംഗങ്ങളും, 19–35 പ്രായ വിഭാഗത്തിലുള്ള 11 അംഗങ്ങളുമുണ്ട്. പദ്ധതിബാധിത കുടുംബാംഗങ്ങളിൽ 7 പേർ 36–45 പ്രായത്തിലുള്ളവരും 8 അംഗങ്ങൾ 46 നും 59 നും ഇടയിൽ പ്രായമുള്ള വരുമാണ്. ശേഷിച്ച 15 കുടുംബാംഗങ്ങൾ 60 വയസും അതിൽകൂടുതലും പ്രായമുള്ളവരാണ്.

**പദ്ധതിബാധിതകുടുംബങ്ങളുടെ സാമൂഹിക പശ്ചാത്തലം**

**ചിത്രം 6.1.4 പദ്ധതി ആഘാത കുടുംബങ്ങളുടെ മതം**




പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും അതായത് 6 (55%) കുടുംബങ്ങൾ ഹിന്ദു മതത്തിലും 5 (45%) കുടുംബങ്ങൾ ക്രിസ്തുമതത്തിലും വിശ്വസിക്കുന്നവരാണെന്ന് ചിത്രം 6.1.3. സൂചിപ്പിക്കുന്നു.

ചിത്രം 6.1.5. ആഘാത ബാധിത കുടുംബങ്ങളുടെ സാമൂഹ്യ വിഭാഗം




പദ്ധതിയുടെ ആഘാതബാധിതരായ 4 കുടുംബങ്ങൾ പൊതു വിഭാഗത്തിലും 1 കുടുംബം പട്ടിക ജാതിയിലും6 കുടുംബങ്ങൾ മറ്റ് പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു എന്ന് ചിത്രം 6.1.4. കാണിക്കുന്നു.

## 6.2 വരുമാനവും ദാരിദ്ര്യാവസ്ഥയും

പൊതുവിതരണ സംവിധാനമനുസരിച്ച് 11 കുടുംബങ്ങളിൽ 7 കുടുംബങ്ങൾക്ക് നീലനിറത്തിലുള്ള റേഷൻ കാർഡും 2 കുടുംബങ്ങൾക്ക് പിങ്ക് നിറത്തിലുള്ള റേഷൻ കാർഡുമാണ് ലഭിച്ചിട്ടുള്ളത്. ശേഷിച്ച 2 കുടുംബങ്ങൾ സംസ്ഥാനത്തിനു പുറത്ത് താമസിക്കുന്നു.

**ചിത്രം 6.2.1. പദ്ധതിബാധിത കുടുംബങ്ങളുടെ മാസവരുമാനവും ചെലവും**




പദ്ധതിബാധിത കുടുംബങ്ങൾക്ക് 1 മാസത്തിൽ ലഭിക്കുന്ന വരുമാനവും 1 മാസം ചെലവഴിക്കുന്ന തുകയും ചിത്രം 6.2.1. താരതമ്യം ചെയ്യുന്നു. പദ്ധതിബാധിത കുടുംബങ്ങളിൽ 1 കുടുംബത്തിന് 5000 രൂപയിൽ താഴെയാണ് മാസവരുമാനം എന്ന് കുടുംബം വെളിപ്പെടുത്തി പദ്ധതിബാധിതർ 5000 രൂപയ്ക്കും 10000 രൂപയ്ക്കുമിടയിൽ മാസവരുമാനവും അത്രയും തുക തന്നെ ചെലവഴിക്കുകയും ചെയ്യുന്ന 4 കുടുംബങ്ങൾ ഉണ്ട്. 2 കുടുംബങ്ങൾക്ക് 10001 രൂപയ്ക്കും 20000 രൂപയ്ക്കുമിടയിൽ മാസവരുമാനമുണ്ട്; 1 കുടുംബം അത്രയും തുക ചെലവഴിക്കുകയും ചെയ്യുന്നു. 2 കുടുംബങ്ങളുടെ മാസവരുമാനവും ചെലവും 20000 രൂപയ്ക്കും 30000 രൂപയ്ക്കും ഇടയിലാണെന്ന് വെളിപ്പെടുത്തി. 30001 രൂപയ്ക്കും 40000 രൂപയ്ക്കുമിടയിൽമാസവരുമാനവും ചെലവുമുള്ള 1 കുടുംബമുണ്ട്. 1 കുടുംബത്തിൽ നിന്ന് മാസവരുമാനത്തെക്കുറിച്ചും 3 കുടുംബങ്ങളിൽ നിന്ന് ചെലവിനെക്കുറിച്ചും വിവരം ലഭിച്ചില്ല

**ചിത്രം 6.2.2. പദ്ധതിബാധിത കുടുംബങ്ങളിലെ വരുമാനദാതാക്കളും ആശ്രിതരും**




പദ്ധതിബാധിത കുടുംബങ്ങളിലെ ആകെ ജനസംഖ്യയായ 49 പേരിൽ 16 പേർ (32.7%) മാത്രമാണ് വരുമാന ദാതാക്കളായിട്ടുള്ളത് എന്ന് ചിത്രം 6.2.3. വ്യക്തമാക്കുന്നു. പദ്ധതി ബാധിത ജനസംഖ്യയിൽ ഭൂരിഭാഗവും അതായത് 33 പേർ (67.3%) ആശ്രിതരാണ്..

### 6.3 ദുർബ്ബലജനവിഭാഗം

പദ്ധതിയുടെ പ്രത്യക്ഷ ബാധിതമാകുന്ന കുടുംബാംഗങ്ങളിലെ 18 വയസ്സിൽ താഴെ പ്രായമുള്ള 8 കുട്ടികളും 60 വയസ്സിന് മുകളിൽപ്രായമുള്ള 15 വ്യക്തികളുമുണ്ട്. പദ്ധതി ബാധിത കുടുംബങ്ങളിൽ 1 കുടുംബം പട്ടികജാതി വിഭാഗത്തിൽ പെടുന്നു

### 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

ഭൂവുടമകളിൽ 4 പേർ നിർദ്ദിഷ്ട സ്ഥലം താമസത്തിന് ഉപയോഗിക്കുന്നു. 2 തെങ്ങിൻ തോപ്പുകളുൾപ്പടെ 4 ഉടമകളുടേത് തുറസായ സ്ഥലമാണ്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് 1 ഉടമ വർക്ക്ഷോപ്പ് നടത്തുന്നു. 2 കുടുംബങ്ങൾ തങ്ങളുടെ വീടുകളിലേക്കുള്ള വഴിയായാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലം ഉപയോഗിക്കുന്നത്.

പദ്ധതിബാധിതരിൽ 1 വ്യക്തി ഏറ്റെടുക്കപ്പെടുന്ന സ്ഥലത്ത് നടത്തുന്ന വർക്ക്ഷോപ്പ് കുടുംബത്തിൻെറ ഉപജീവനമാർഗമാണെങ്കിലും ഭൂമി ഏറ്റെടുക്കുന്നതു മൂലം വർക്ക്ഷോപ്പിൻെറ പ്രവർത്തനങ്ങൾ തടസപ്പെടില്ല എന്ന് മനസിലാക്കുന്നു.

## 6.5 പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതിപ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങളൊന്നും നിലവിലില്ല

## 6.6 പ്രാദേശിക ഉപജീവന ഘടകങ്ങൾ

പ്രദേശത്തെ ഉപജീവനമാർഗം പ്രധാനമായും മത്സ്യബന്ധനമാണ്. പദ്ധതിബാധിത കുടുംബങ്ങളിലെ 2 വ്യക്തികളുടെ ഉപജീവനമാർഗം മത്സ്യബന്ധനമാണ്. ഭൂമി ഏറ്റെടുക്കൽ മത്സ്യബന്ധനത്തെ ബാധിക്കുന്നില്ല

## 6.7 പ്രദേശത്തെ കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതിബാധിത കുടുംബങ്ങൾ അണുകുടുംബങ്ങളാണ്. പദ്ധതി ബാധിത പ്രദേശത്ത് സാംസ്കാരിക സ്ഥാപനങ്ങൾ ഒന്നും ഇല്ല.

## 6.8 ഭരണ സംഘടനകൾ

പദ്ധതി മൂലം ഭരണ സംഘടനകൾ യാതൊന്നും ആഘാത ബാധിതമാകുന്നില്ല. എന്നിരുന്നാലും പദ്ധതി പ്രദേശത്ത് ഒരു പുറമ്പോക്ക് ഭൂമിയും ഉൾപ്പെടുന്നുണ്ട് എന്ന് മനസ്സിലാക്കുന്നു.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകൾ ഒന്നും പദ്ധതി ബാധിതമാകുന്നില്ല.

## 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

ഇത്തരത്തിലുള്ള സംഘടനകൾ ഒന്നും പദ്ധതി ബാധിതമാകുന്നില്ല.

## 6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതി പ്രദേശങ്ങൾ കോട്ടുവള്ളി പഞ്ചായത്തിലെ 8, 9 വാർഡുകളിൽ ഉൾപ്പെടുന്നു. തിരുവിതാംകൂറിൽ ആദ്യകാലങ്ങളിൽ രൂപീകൃതമായ 9 പഞ്ചായത്തുകളിൽ ഒന്നാണ് കോട്ടുവള്ളി പഞ്ചായത്ത്. എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ ദേശീയപാത 66 ൻെറ ഇരുവശങ്ങളിലുമായി സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ് കോട്ടുവള്ളി. കോട്ടുവള്ളി പഞ്ചായത്തിലെ ഉൾനാടൻ പ്രദേശങ്ങളാണ് പദ്ധതി പ്രദേശങ്ങളായ തത്തപ്പിള്ളിയും വള്ളുവള്ളിയും. കോട്ടുവള്ളി ഗ്രാമത്തിലെ വിവിധ

പ്രദേശങ്ങളിലേക്കും സമീപപ്രദേശങ്ങളിലേക്കും സഞ്ചരിക്കുന്നതിന് വഞ്ചിയും ബോട്ടുമായിരുന്നു ആദ്യകാലങ്ങളിലെ യാത്രാസംവിധാനം. 1962 ൽ ചെറിയപ്പിള്ളി പാലം ഉദ്ഘാടനം ചെയ്യപ്പെട്ടു. പിന്നീട് വിവിധ പാലങ്ങൾ നിലവിൽ വന്നതോടെ പ്രദേശത്ത് യാത്രാ സൗകര്യങ്ങൾ മെച്ചപ്പെടുകയും പ്രദേശത്തിൻെറ ബഹുമുഖമായ വളർച്ചക്ക് വഴി തെളിക്കുകയും ചെയ്തു

**6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം**

തത്തപ്പിള്ളി പ്രദേശവാസികൾക്ക് ഭരണകാര്യാലയങ്ങളായ കോട്ടുവള്ളി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് പോകുന്നതിന് കടത്ത് വഞ്ചിയിലാണ് യാത്രചെയ്യുന്നത്. തത്തപ്പിള്ളി-വള്ളുവള്ളി പാലം സഞ്ചാരയോഗ്യമാകുമ്പോൾ തത്തപ്പിള്ളി പ്രദേശത്തെ ജനങ്ങൾക്ക് കോട്ടുവള്ളി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഏകദേശം 1 കി.മീറ്റർ മത്രം സഞ്ചരിച്ച് എളുപ്പത്തിൽ എത്തിച്ചേരുവാനാകും. കൂടാതെ നിർദ്ദിഷ്ടപാലത്തിലൂടെ ദേശീയപാത 66 ലേക്ക് പ്രവേശനം എളുപ്പമാകുമെന്നതിനാൽ അതിലൂടെ എറണാകുളം, നോർത്ത് പറവൂർ എന്നീ പട്ടണങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയും. പ്രദേശത്തെ ജനങ്ങൾ തൊഴിലിനും വിദ്യാഭ്യാസത്തിനും മറ്റുമായി ടി പട്ടണങ്ങളെയാണ് ആശ്രയിക്കുന്നത് ആയതിനാൽ പദ്ധതി ജനങ്ങളുടെ സഞ്ചാരവും യാത്രാസൗകര്യവും ജീവിതനിലവാരവും മെച്ചപ്പെടുത്തും എന്ന് പ്രതീക്ഷിക്കുന്നു.

# അദ്ധ്യായം 7
# സാമൂഹ്യ പ്രത്യാഘാത ദൂരീകരണ പദ്ധതി

## 7.1 സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം 4 ഘട്ടങ്ങളിലായാണ് പദ്ധതിയുടെ പ്രത്യാഘാതം വിലയിരുത്തുന്നത്. ആദ്യഘട്ടത്തിൽ പദ്ധതിപ്രദേശം സന്ദർശിച്ച് ഒരു പ്രാഥമിക പഠനം നടത്തി പ്രധാനമായും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും നേട്ടങ്ങളും വിലയിരുത്തി. പിന്നീട് മുൻകൂട്ടി തയ്യാറാക്കിയ ചോദ്യാവലി ഉപയോഗിച്ച് പദ്ധതി ബാധിത കുടുംബങ്ങളിൽ സർവ്വെ നടത്തി അവരുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം, ഭൂമി ഏറ്റെടുക്കുമ്പോൾ ഓരോ കുടുംബത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, തുടങ്ങിയ വിവരങ്ങൾ ശേഖരിച്ചു. മൂന്നാമതായി സ്ഥലത്തെ പ്രധാന വ്യക്തികളുമായും തൽപരകക്ഷികളുമായും അഭിമുഖം നടത്തി പദ്ധതിയുടെ പൊതുവായ ആഘാതങ്ങളും നേട്ടങ്ങളും മനസ്സിലാക്കി. നാലാംഘട്ടമായി 27.08.2020 വ്യാഴാഴ്ച്ച പകൽ 10.30 ന് എസ്.എൻ.ഡി.പി. ശാഖനമ്പർ 849 ഹാൾ, തത്തപ്പിള്ളിയിൽ ഒരു പബ്ലിക് ഹിയറിങ്ങ് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത ഹിയറിങ്ങിൽ അർത്ഥനാധികാരിയുടെ കാര്യാലയത്തിലെയും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിലെയും ഉദ്യോഗസ്ഥർ സന്നിഹിതരായിരിക്കും. പദ്ധതിബാധിത കുടുംബങ്ങൾക്ക് പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും തങ്ങൾക്കുള്ള അഭിപ്രായങ്ങളും ആശങ്കകളും പങ്ക് വെയ്ക്കുന്നതിനുള്ള വേദിയായിരിക്കും അത്. പഠനത്തിൻെറ വിവിധ ഘട്ടങ്ങളിലൂടെ ലഭ്യമായ വിവരങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയതിൻെറ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിക്കുകയും ആഘാതബാധിത കുടുംബങ്ങൾക്കും തൽപരകക്ഷികൾക്കും റിപ്പോർട്ടിലേയ്ക്ക് അവശ്യം വേണ്ട തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നിർദ്ദേശിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്യും.

### 7.2 ആഘാതം ഒഴിവാക്കുവാനോ നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണപദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ ഏറ്റവും കുറവ് ആഘാതം ഉണ്ടാകുന്ന വിധത്തിലാണ് അർത്ഥനാധികാരി ആസൂത്രണം ചെയ്തിരിക്കുന്നത്. പദ്ധതിയ്ക്ക് വേണ്ടി 11 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥല മാണ് ഏറ്റെടുക്കുന്നത്. ടി കുടുംബങ്ങൾക്ക് കൈവശഭൂമിയിലുണ്ടാകുന്ന കുറവ്, ഏതാനും വൃക്ഷങ്ങൾ ഉൾപ്പടെയുള്ള ചമയങ്ങൾ നഷ്ടമാകൽ എന്നിവയാണ് ഭൂവുടമ കൾക്കുണ്ടാകുന്ന പ്രത്യാഘാതങ്ങൾ. കൂടാതെ പദ്ധതിപ്രദേശത്ത് പ്രവർത്തിക്കുന്ന കടത്ത് തൊഴിലാളിക്ക് ഉപജീവനമാർഗം നഷ്ടമാകും എന്ന ഒരു പരോക്ഷ പ്രത്യാഘാ തവും ഉണ്ടാകുവാനിടയുണ്ട്. മേൽപറഞ്ഞ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരംപദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാരവും, 9/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം ആഘാത ബാധിതമാകുന്ന മയങ്ങൾ തിട്ടപ്പെടുത്തി പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക
- മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ, ഉപജീവനമാർഗം നഷ്ടമാകുന്ന കടത്തുതൊഴിലാളിയെ പുനഃരധിവാസ-പുനഃസ്ഥാപനപാക്കേജിൽ ഉൾപ്പെടുത്തുക

- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരവും വാഹന ഗതാഗതവും തടസപ്പെടാത്ത വിധത്തിൽ പദ്ധതിനിർമ്മാണം ആസൂത്രണം ചെയ്യുക
- പദ്ധതി നിർമ്മാണവേളയിൽ മാലിന്യങ്ങളുടെ ശരിയായ വിധത്തിലുള്ള നിർമ്മാർജനം ഉറപ്പ് വരുത്തുക.

**7.3 നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരവുമുള്ള നടപടിക്രമങ്ങൾ തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിക്ക് ബാധകമാണ്.

**7.4 നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി പദ്ധതിരേഖയിൽ പ്രസ്താവിച്ചിട്ടുള്ള നടപടികൾ**

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി പ്രകാരം 2.64,23,012 രൂപ അനുവദിച്ചിട്ടുണ്ട് എന്ന് അർത്ഥനാധികാരി പ്രസ്താവിച്ചു.

**7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ**

കുടുംബങ്ങൾക്ക് വളരെക്കുറവ് ആഘാതം ഉണ്ടാകുന്ന രീതിയിലാണ് അർത്ഥനാധികാരി പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. രൂപകൽപ്പനയിൽ മാറ്റങ്ങളോ കൂട്ടിച്ചേർക്കലോ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനഘട്ടത്തിൽ ആരും തന്നെ നിർദ്ദേശിച്ചിട്ടില്ല.

## 7.6 ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചുകൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RDപ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിന്റെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രത്യാഘാതം | പ്രത്യാഘാതലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARRനിയമം 2013 ഒന്നാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരംനൽകുക | കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തുക |
| 2 | വസ്തുവിനോട് | RFCTLARR നിയമം 2013 ഒന്നാം | | ഭൂവുടമകളുടെ |

| | | | | |
|---|---|---|---|---|
| | ചേർന്നുള്ള ആസ്തികളുടെ നഷ്ടം | പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള നഷ്ട പരിഹാരം നൽകുക | പ്രകാരമുള്ള സമയക്രമം | സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |
| 3 | ഉപജീവന മാർഗം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ- പുന:സ്ഥാപന പാക്കേജ് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഉപജീവനമാർഗം നഷ്ടമാകുന്ന കടത്ത്തൊഴിലാളിക്ക് നൽകുക | | നഷ്ടമാകുന്ന ഉപജീവന മാർഗത്തിന് ന്യായമായ പരിഗണന നൽകുക |
| 4 | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ഗതാഗത തടസ്സം, ജനങ്ങളുടെ സഞ്ചാര തടസ്സം | സുരക്ഷാ നടപടികൾ, സുരക്ഷിതവും നിർവിഘ്നവുമായ ഗതാഗതം, ജനസഞ്ചാരം, എന്നിവയ്ക്കുള്ള നടപടികൾ പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ആസൂത്രണം ചെയ്യുക. | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗതം, ജനങ്ങളുടെ സഞ്ചാരം എന്നിവ തടസ്സപ്പെടാതിരിക്കുന്നതിനുള്ള നടപടികളുടെ ആസൂത്രണവും നടപ്പിലാക്കലും |
| 5 | നിർമ്മാണ മാലിന്യങ്ങൾ നിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായി നിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്തവിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശരിയായ വിധത്തിൽ നിർമ്മാജ്ജനം ചെയ്യു എന്ന് ഉറപ്പ് വരുത്തുക |

**7.7 അർത്ഥനാധികാരി നിർവ്വഹിക്കുമെന്നോ, പിന്നീട് നിർവ്വഹിക്കാമെന്നോ ഉറപ്പ് നൽകിയിട്ടുള്ളതും എന്നാൽ നിർവ്വഹിച്ചിട്ടില്ലാത്തതുമായ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം**

ബാധകമല്ല

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത പദ്ധതി നിർവ്വഹണ സ്ഥാപനസംവിധാനം

**8.1 പ്രത്യാഘാത ലഘൂകരണ നടപടികൾക്ക് വേണ്ടിയുള്ള സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും**

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധി വാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശനിയമം 2013 ലെ വകുപ്പ് 43- ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015,ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്തം. സർക്കാരിന്റെയും, പുനരധിവാ സത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽനോട്ടത്തിനും മാർഗ്ഗ നിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാ പനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തന്റെ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിന്റെ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്. തത്തപ്പിള്ളി- വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ കോട്ടുവള്ളി വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിക്കപ്പെട്ടിരിക്കുന്നത് സ്പെഷ്യൽ താഹസിൽദാർ എൽ.എ. എൻ.എച്ച് നമ്പർ 2, ആലുവ ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം23/09/ 2015 ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാ നത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

1. ന്യായമായ പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള ജില്ലാതല കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസത്തിനും പുനഃസ്ഥാപനത്തിനും അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനിധികൾ
- പദ്ധതി പ്രദേശത്തെതദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രതിനിധികൾ

2.പുനരധിവാസ പുനസ്ഥാപനത്തിനും വേണ്ടിയുള്ള സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റി. ടി കമ്മിറ്റിയിൽ താഴെ പറയുന്ന വ്യക്തികൾ ഉൾപ്പെടുന്നു.

- ചീഫ് സെക്രട്ടറി
- റവന്യൂ സെക്രട്ടറി
- അഡ്മിനിസ്ട്രേറ്റീവ് വകുപ്പിന്റെ സെക്രട്ടറി
- നിയമ സെക്രട്ടറി
- ഫിനാൻസ് സെക്രട്ടറി

ജില്ലാതല കമ്മിറ്റി പദ്ധതി ബാധിതർക്ക് നൽകേണ്ട ന്യായമായ ഭൂമി വിലയും നഷ്ട പരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും ഉൾക്കൊള്ളുന്ന എസ്റ്റിമേറ്റ് തയ്യാറാക്കി സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കും. പ്രസ്തുത എസ്റ്റിമേറ്റ് സംസ്ഥാന കമ്മിറ്റി അംഗീകരിക്കുകയോ അല്ലെങ്കിൽ സംസ്ഥാന കമ്മിറ്റിയുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തി പുനർനിർണ്ണയത്തിനായി തിരിച്ചയക്കുകയോ ചെയ്യും.

നഷ്ടപരിഹാരം, പുനരധിവാസ പുനസ്ഥാപനത്തിനുമുള്ള എസ്റ്റിമേറ്റിന് സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച ശേഷം ജില്ലാതല കമ്മിറ്റി പ്രസ്തുത എസ്റ്റിമേറ്റും ബന്ധപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും പദ്ധതി ബാധിത കുടുംബത്തോട്

വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/കുടുംബത്തിന്റെ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. ഗവൺമെൻേതര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനുവേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കു ന്നതിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടന കളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ന്റെ ചട്ടം 9 ൽ നിർവചിച്ചിരിക്കുന്നു. അതിൻ പ്രകാരം തത്തപ്പിള്ളി–വള്ളുവള്ളി പാലം നിർമ്മാണത്തിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 2020 ജൂൺ 29–ാം തീയതിയിലെ വിജ്ഞാപനത്തിലൂടെ (DCEKM/5948/2017-C1) എറണാകുളം ജില്ലാകളക്ടർ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശേരിയെ ചുമതല പ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക്ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ്, കളമശേരി ഉത്തരവാദിത്വപ്പെട്ടിരിക്കുന്നു.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായി വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ടഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും

# അദ്ധ്യായം 9
# സാമൂഹ്യ പ്രത്യാഘാതംകൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

**9.1. പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്**

തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ 2,64,23,012/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിക്കുവേണ്ടി 9 ഭൂവുടമകളിൽ നിന്നുമായി 13.36 ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. നിർദ്ദിഷ്ട പദ്ധതിക്ക് പുനരധിവാസം ആവശ്യമായി വരുന്നില്ല. എങ്കിലും കുടുംബങ്ങൾക്ക് നഷ്ടമാകുന്ന സ്ഥലത്തിനും ചമയങ്ങൾക്കും നഷ്ടപരിഹാരം നൽകണം. കൂടാതെ ഉപജീവനമാർഗം നഷ്ടമാകുന്ന കടത്ത് തൊഴിലാളിയേയും നഷ്ടപരിഹാരത്തിന് പരിഗ ണിക്കണം. ഭൂമി ഏറ്റെടുക്കലിൻെറ എല്ലാ പ്രത്യാഘാതങ്ങളും കണക്കിലെടുത്തു കൊണ്ട് പദ്ധതിക്കായി ചുമതല ഏറ്റിട്ടുള്ള അഡ്മിനിസ്ട്രേറ്റർ പുനരധിവാസ പുനസ് ഥാപന പദ്ധതിയുടെ കരട് രേഖ തയ്യാറാക്കും.

**9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ രേഖയും**

ബാധകമല്ല

**9.3.സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്**

ബാധകമല്ല

# അദ്ധ്യായം 10
# സാമൂഹ്യപ്രത്യാഘാത ദുരീകരണ പദ്ധതി – മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- നഷ്ടപരിഹാര നടപടികളുടെ സമയക്രമം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണമാലിന്യങ്ങളുടെ സമയാധിഷ്ടിതമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

തത്തപ്പിള്ളി–വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൻെറ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി അഡ്മിനിസ്ട്രേറ്റർ ആയി ചുമതലപ്പെട്ടിരിക്കുന്ന സ്പെഷ്യൽ തഹസിൽദാർ എൽ.എ. എൻ.എച്ച് നമ്പർ 2, ആലുവ പദ്ധതിയുടെ പുനരധിവാസ പുനസ്ഥാപന സ്കീമിൻെറ തയാറാക്കലിനും നടത്തിപ്പിനും നിരീക്ഷണത്തിനും ചുമതലപ്പെട്ടിരിക്കുന്നു. അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കുന്ന പുനരധിവാസ പുനസ്ഥാപന സ്കീമിൻെറ കരട് രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര മൂല്യനിർണ്ണയം – രൂപരേഖ

ബാധകമല്ല

# അദ്ധ്യായം 11

# നേട്ടങ്ങളും നഷ്ടങ്ങളും- അപഗ്രഥനം, ശുപാർശകൾ

**11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സാമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള അന്തിമ നിഗമനം**

എറണാകുളം ജില്ലയിലെ കോട്ടുവള്ളി പഞ്ചായത്തിൽ ഉൾപ്പെട്ട ഈസ്റ്റ് വള്ളുവള്ളി, സൗത്ത് തത്തപ്പിള്ളി എന്നീ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള തത്തപ്പിള്ളി-വള്ളുവള്ളി പാലത്തിൻെറ നിർമ്മാണമാണ് നിർദ്ദിഷ്ട പദ്ധതി. പാലത്തിൻെറ നിർമ്മാണം ഏകദേശം പൂർത്തിയായിരിക്കുന്നതിനാൽ അനുബന്ധറോഡ് നിർമ്മിക്കുന്നതിനു വേണ്ടിയാണ് നില വിലെ സ്ഥലം ഏറ്റെടുക്കൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. തത്തപ്പിള്ളിയിലും വള്ളുവള്ളി യിലുമുള്ള ജനങ്ങൾ നിലവിൽ കടത്തുവഞ്ചിയിലാണ് ഇരുകരകളിലേക്കും യാത്ര ചെയ്യുന്നത്. നിർദ്ദിഷ്ട പദ്ധതി നിലവിൽ വരുമ്പോൾ തത്തപ്പിള്ളി പ്രദേശത്തെ ജനങ്ങൾക്ക് കോട്ടുവള്ളി പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഏകദേശം 1 കി.മീറ്റർ മാത്രം സഞ്ചരിച്ച് എളുപ്പത്തിൽ എത്തിച്ചേരുവാനാകും. കൂടാതെ നിർദ്ദിഷ്ട പാലത്തിലൂടെ ദേശീയപാത 66 ലേക്ക് പ്രവേശനം എളുപ്പമാകുമെന്നതിനാൽ അതിലൂടെ എറണാകുളം, നോർത്ത് പറവൂർ എന്നീ പട്ടണങ്ങളിലേയ്ക്ക് എളുപ്പത്തിൽ എത്തിച്ചേരുവാൻ കഴിയും. പ്രദേശത്തെ ജനങ്ങൾ തൊഴിലിനും വിദ്യാഭ്യാസത്തിനും മറ്റുമായി ടി പട്ടണങ്ങളെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ ജനങ്ങൾക്ക് വളരെയധികം പ്രയോജനപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

നിലവിലെ അലൈൻമെൻറ് പ്രകാരം പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ കുടുംബ ങ്ങളുടെ വീടുകളോ മറ്റ് അവശ്യവസ്തുക്കളോ പദ്ധതിബാധിതമാകുന്നില്ല. 11 കുടുംബ ങ്ങൾക്ക് തങ്ങളുടെ കൈവശഭൂമിയുടെ അളവ് കുറയുന്നു എന്നതാണ് പദ്ധതിയുടെ പ്രധാന പ്രത്യാഘാതമായി മനസിലാകുന്നത്., ആയതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ് ഥാപനത്തിനുമുള്ള അവകാശനിയമം 2013 പ്രകാരം നഷ്ടപരിഹാരവും പുനഃരധിവാസ-

പുനഃസ്ഥാപന പാക്കേജും പദ്ധതി ബാധിതർക്ക് നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതം ലഘൂകരിക്കാവുന്നതാണ്.

**11.2 മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ**

തത്തപ്പിള്ളി-വള്ളുവള്ളി പലം നിർമ്മാണ പദ്ധതിക്ക് വേണ്ടി ഭൂമിയേറ്റെടുക്കുന്നതിൻെറ അനുകൂലവും പ്രതികൂലവുമായ പ്രത്യാഘാതങ്ങൾ വിലയിരുത്തുമ്പോൾ പദ്ധതി മൂലം പദ്ധതിബാധിതർക്ക് ഏതാനും വിപരീത ആഘാതങ്ങളുണ്ടെങ്കിലും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പ്രദേശത്തെ ജീവിത നിലവാരം മെച്ചപ്പെടുത്തും. എന്നതിനാൽ വിപരീത ആഘാതങ്ങളേക്കാൾ ഗുണപരമായ പ്രത്യാഘാതങ്ങൾക്കാണ് കൂടുതൽ സാധ്യത എന്നതിനാൽ തങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളുമായി പദ്ധതി ബാധിത കുടുംബങ്ങൾ താതാത്മ്യം പ്രാപിക്കും എന്ന് മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ അലൈൻമെൻറ് പ്രകാരം തത്തപ്പിള്ളി-വള്ളുവള്ളി പാലം നിർമ്മാണ പദ്ധതിക്ക് വേണ്ടി പറവൂർ താലൂക്കിൽ ഉൾപ്പെട്ട കോട്ടുവള്ളി വില്ലേജിൽ നിന്നുമുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു. പദ്ധതിയുടെ വിപരീത പ്രത്യാഘാതങ്ങൾ കുറയ്ക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ നിർദ്ദേശിക്കുന്നു.

- ➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 & കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015 പ്രകാരമുള്ള നഷ്ടപരിഹാരംപദ്ധതി ബാധിതരാകുന്ന ഭൂവുടമകൾക്ക് നൽകുക
- ➢ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RDപ്രകാരവും, 9/12/2017 തീയതിയിൽ G.O(MS) No.448/

2017/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനഃരധിവാസ പുനഃസ്ഥാപന പാക്കേജിനുള്ള പോളിസികൾ പ്രകാരം ആഘാതബാധിതമാകുന്ന ചമയങ്ങൾ തിട്ടപ്പെടുത്തി പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജ് നൽകുക

- മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ, ഉപജീവനമാർഗം നഷ്ടമാകുന്ന കടത്തുതൊഴിലാളിയെ പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജിൽ ഉൾപ്പെടുത്തുക
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ സഞ്ചാരവും വാഹനഗതാഗതവും തടസപ്പെടാത്തവിധത്തിൽ പദ്ധതിനിർമ്മാണം ആസൂത്രണം ചെയ്യുക
- പദ്ധതി നിർമ്മാണവേളയിൽ മാലിന്യങ്ങളുടെ ശരിയായ വിധത്തിലുള്ള നിർമ്മാർജനം ഉറപ്പ് വരുത്തുക.

# സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013
2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കുമുള്ള നയം
4. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃര ധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013ൻെറ വെളിച്ച ത്തിൽ കേരളസർക്കാർ റവന്യൂ(ബി) വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്ന തിനുള്ള നയം
5. കേരള പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും) എറണാകുളം കാര്യാലയത്തിൽ നിന്നും ലഭ്യമായപദ്ധതിയെക്കുറിച്ചുള്ള വിവരങ്ങൾ